(ബി) 15 കോടി രൂപ ഇതിനകം ചെലവായി എന്നാണ് സൊസൈറ്റി അധികൃതർ അറിയിച്ചിട്ടുള്ളത്.

(സി&ഡി) റേഡിയേഷൻ ചികിത്സ ഒഴികെയുള്ള മറ്റ് ചികിത്സകൾക്ക് വേണ്ടുന്ന ഉപകരണങ്ങൾ സ്ഥാപിച്ചുകഴിഞ്ഞു. അവയുടെ ചെലവ് കനേഡിയൻ ഏജൻസികളാണ് വഹിച്ചത്. ഇനിയുള്ള ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള ചെലവും അവർ തന്നെയാണ് വഹിക്കുന്നത്.

(ഇ) ഈ സ്ഥാപനം അതിന്റെ എല്ലാ ഘട്ടങ്ങളും പൂർത്തിയാക്കാൻ 4-5 വർഷങ്ങൾ വേണ്ടി വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

എസ്.എൻ.സി. ലാവ്‌ലിൻ കമ്പനിക്ക് കൺസൾട്ടൻസി ഫീസ് വർദ്ധിപ്പിച്ച് നല്കിയ ഉദ്യോഗസ്ഥർ

88 (1240) ശ്രീ. പി. ജെ. ജോയി :
ശ്രീ. ബി. വിജയകുമാർ :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റിന്റെയോ വൈദ്യുതി ബോർഡിന്റെയോ അനുമതിയില്ലാതെ എസ്.എൻ.സി. ലാവ്‌ലിൻ എന്ന കനേഡിയൻ കമ്പനിക്ക് കൺസൾട്ടൻസി ചാർജ്ജ് വർദ്ധിപ്പിച്ചു നല്കിയ ഉദ്യോഗസ്ഥന്മാർ ആരെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ബി) അവരുടെ മേൽ എന്തു നടപടി സ്വീകരിച്ചു ; ഒരു നടപടിയും സ്വീകരിക്കാത്തപക്ഷം അതിനുള്ള കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു സമർപ്പിക്കുന്നതാണ്.

കണ്ണൂർ താപവൈദ്യുത പദ്ധതിക്ക് അനുമതി

89 (1241) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. പാലോട് രവി :
ശ്രീ. കെ. സുധാകരൻ :
ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ താപവൈദ്യുത പദ്ധതിക്ക് അനുമതി നൽകുന്നതിനുള്ള നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) തമിഴ്നാട്ടിലെ എന്നൂർ താപവൈദ്യുത നിലയത്തിൽ നിന്നും സംസ്ഥാനത്തിന്റെ ആവശ്യത്തിനായി വൈദ്യുതി വാങ്ങുന്നതിനുള്ള നടപടിയുടെ ഇപ്പോഴത്തെ നില വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly